## തിരുവനന്തപുരം സിറ്റി പോലീസ്

### പത്രക്കുറിപ്പ്

# വീട്ടമ്മയുടെ മോർഫ് ചെയ്ത നഗ്ന ചിത്രങ്ങൾ നിർമ്മിച്ച് പ്രചരിപ്പിച്ച കേസിൽ ഡോക്ടറും സീരിയൽ നടനുമടക്കം മൂന്ന് പേർ അറസ്റ്റിൽ

## കോവിഡ്-19

## വിലക്ക് ലംഘനം : 208 പേർക്കെതിരെ നിയമ നടപടി 34,200/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- വർക്കല സ്വദേശിനിയായ വീട്ടമ്മയുടെ ഫോട്ടോ മോർഫ് ചെയ്ത് അശ്ലീല ചിത്രം നിർമ്മിച്ച പ്രചരിപ്പിച്ച കേസിൽ ഡോക്ടറും സീരിയൽ നടനുമടക്കം മൂന്ന് പേർ അറസ്റ്റിലായതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വീട്ടമ്മയുടെ ബന്ധുവായ തിരുവനന്തപുരം ദന്തൽ കോളജിലെ അസി. പ്രൊഫസർ വർക്കല പാളയംക്കുന്ന സദാശിവം വീട്ടിൽ ഡോക്ടർ സുബ്ബ (43), കരകുളം തുമ്പോട് സീനത്ത് മൻസിലിൽ സീരിയൽ നടൻ ജാസ്മീർഖാൻ (36), വ്യാജ സിം എടുത്ത് നൽകിയ ഇവരുടെ സുഹൃത്ത് മൊബൈൽ കട നടത്തുന്ന നെടുമങ്ങാട് പഴകുറ്റി കാളിക്കോണം വീട്ടിൽ ശ്രീജിത്ത് (30) എന്നിവരെയാണ് ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ മാസം വർക്കല സ്വദേശിനിയുടെ ഭർത്താവിന്റെയും ബന്ധുക്കളുടെയും ഫോണുകളിലേക്ക് യുവതിയുടെ



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത
ഡോ. സുബ്ബ(43), ജാസ്മീർഖാൻ(36), ശ്രീജിത്ത് (30)

മോർഫ് ചെയ്ത നഗ്ന ചിത്രങ്ങൾ എത്തിയതോടെയാണ് സംഭവങ്ങളുടെ തുടക്കം. യുവതിക്ക് മറ്റു ബന്ധങ്ങൾ ഉണ്ടെന്ന തരത്തിൽ വിവിധ പേരുകളിൽ നിന്നും കത്തുകളും വന്നു തുടങ്ങി. ഇത് സംബന്ധിച്ച് യുവതിയുടെ മണക്കാട് താമസിക്കുന്ന സഹോദരിയാണ് ഫോർട്ട് പോലീസിനു പരാതി നൽകിയത്. വട്ടപ്പാറ സ്വദേശിയയായ ഒരാളുടെ പേരിൽ വ്യാജമായി സിം കാർഡ് എടുത്ത ശേഷം അതുപയോഗിച്ച് മോർഫ് ചെയ്ത ചിത്രങ്ങൾ പെൺകുട്ടിയുടെ ഭർത്താവിനും ബന്ധുക്കൾക്കും അയച്ചു കൊടുക്കുകയായിരുന്നു. പെൺകുട്ടിയുടെ കാമുകനാണെന്നു പറഞ്ഞാണ് അയച്ചത്. ഇത് സംബന്ധിച്ച് പോലീസിൽ പരാതി കൊടുക്കാൻ വന്നപ്പോൾ സംശയം തോന്നാതിരിക്കാൻ ബന്ധുവായ ഡോക്ടർ സുബുവും കൂടെ ഉണ്ടായിരുന്നു. യുവതിയുടെ ദാമ്പത്യ ജീവിതം തകർക്കുകയായിരുന്നു ഇയാളുടെ ലക്ഷ്യം. തുടർന്ന് ഫോർട്ട് പൊലീസ് നടത്തിയ വിശദമായ അന്വേഷണത്തിലാണ് പ്രതികൾ കുടുങ്ങിയത്. ഫോർട്ട് അസി. കമ്മീഷണർ പ്രതാപൻ നായരുടെ നേതൃത്വത്തിൽ എസ്എച്ച് ഒ രാകേഷ്, എസ്.ഐ.മാരായ സജു എബ്രഹാം, സെൽവിയസ്, സിവിൽ പോലീസ് ഓഫീസർമാരായ സാബു, പ്രമോദ് രാജ്, പ്രസാദ്, കണ്ണൻ, മഹേഷ്, വിനോദ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതികളെ പിടികൂടിയത്.

## കോവിഡ്-19 കേസ് വിവരം

നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് ഇന്നലെ (03-10-2020) നടത്തിയ പരിശോധനയിൽ 207 പേർക്കെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 159 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 30 പേർക്കെതിരെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ്

നടത്തിയ 7 വാഹനങ്ങൾക്കെതിരെയും ഇന്നലെ നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും 34,200/- രൂപയാണ് പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ പാലിക്കാത്ത 30 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരവും കേസെടുത്തു.

കോവിഡ് രോഗവ്യാപനം ദിനംപ്രതി അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ പോലീസ് കർശന പരിശോധന നടത്തുമെന്നും മനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന കടകൾ പൂട്ടിയ്ക്കുമെന്നും കമ്മീഷണർ അറിയിച്ചു. തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

03-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

03/10/20

OFFICE OF THE COMMISSIONER OF POLICE * THIRUVANANTHAPURAM CITY * Government of Kerala

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി